# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *205 – 05/11/2019 - ലെ മറുപടിക്ക്

## പ്രളയക്കെടുതി നേരിടുന്നതിനായി കേന്ദ്ര ധനസഹായം

ചോദ്യം

ശ്രീമതി സി.കെ. ആശ

ശ്രീ.ചിറ്റയം ഗോപകുമാർ

ശ്രീ.ആർ. രാമചന്ദ്രൻ

ശ്രീ.എൽദോ എബ്രഹാം

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനം തുടർച്ചയായി രണ്ടാം വർഷവും പ്രളയം അഭിമുഖീകരിച്ചതിനാൽ പ്രളയക്കെടുതി നേരിടുന്നതിനായി കേന്ദ്രത്തോട് അധിക ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | സംസ്ഥാനം നേരിട്ട പ്രളയക്കെടുതി സംബന്ധിച്ചും തന്മൂലമുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടും പതിനഞ്ചാം ധനകാര്യ കമ്മീഷന് നിവേദനം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്. 2019 സെപ്റ്റംബറിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ സപ്ലിമെന്ററി മെമ്മോറാണ്ടത്തിൽ 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയക്കെടുതി സംബന്ധിച്ചും, തന്മൂലമുണ്ടായ നഷ്ടം നികത്തുന്നതിനും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തസാധ്യതാ മേഖലകളിലെ ജനങ്ങളുടെ പുനരധിവാസത്തിന് 1000 കോടി രൂപയും, റോഡുകളുടെ പുനർ നിർമാണത്തിനായി 1000 കോടി രൂപയും തകർന്നുപോയ പാലങ്ങൾ പുനർ നിർമിക്കുന്നതിനായി 500 കോടി രൂപയും അനുവദിക്കണമെന്നും കമ്മീഷനോട് ആവശ്യപെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ധനകാര്യ കമ്മീഷനിൽ നിന്ന് ആശാവഹമായ പ്രതികരണമാണോ ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ? | 2019 നവംബർ 30-നകം ധനകമ്മീഷൻ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുമ്പോൾ മാത്രമേ ഇതിന്മേലുള്ള പ്രതികരണം അറിയാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ